**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3026** **13-07-2022 - ൽ മറുപടിയ്ക്ക്**

**പടിഞ്ഞാറെക്കര ഉണ്ണ്യാൽ റോഡ് പണി മുടങ്ങിക്കിടക്കുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തവനൂർ മണ്ഡലത്തിലെ പടിഞ്ഞാറെക്കര ഉണ്ണ്യാൽ റോഡിൽ നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റാത്തത് കാരണം റോഡ് പണി മുടങ്ങിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ആയത് മുറിച്ച് മാറ്റുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ വരെ റോഡ് വികസനത്തിന് തടസ്സമായി നിൽക്കുന്ന 125 മരങ്ങൾ മുറിച്ചുമാറ്റുന്നതിനായി സോഷ്യൽ ഫോറെസ്റ്ററി ഡിപ്പാർട്ട്മെന്റിൽ നിന്നും 12,60,427/- രൂപയ്ക്ക് വാല്യൂഷൻ ലഭിക്കുകയും 12,60,427/- രൂപയുടെ സർവ്വേ റിപ്പോർട്ട് 22.08.2019-ൽ അംഗീകരിക്കുകയും ചെയ്തു. മലപ്പുറം, എൻ.എച്ച് വിഭാഗം മുഖാന്തരം മൂന്നു തവണ ലേലം നടത്തിയെങ്കിലും, ആരും തന്നെ ടി ലേലത്തിൽ പങ്കെടുത്തില്ല. തുടർന്ന് കെ.ആർ.എഫ്.ബി - പി.എം.യു 24.08.2021 നു പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കുകയും രണ്ടു തവണ ലേലം നടത്തുകയും ചെയ്തു. അതിലും ആരും പങ്കെടുത്തില്ല. തുടർന്ന് ലഭിച്ച രണ്ടു ക്വൊട്ടേഷൻ അംഗീകരിക്കുന്നതിനായി കേരള റോഡ് ഫണ്ട് ബോർഡിൽ ലഭിച്ചിരുന്നു. എന്നാൽ ഏറ്റവും കൂടുതൽ കോട്ട് ചെയ്ത തുകയായ 5000/- രൂപ, അംഗീകരിച്ച സർവ്വേ റിപ്പോർട്ട് തുകയെക്കാൾ വളരെ കുറവായതിനാൽ പ്രസ്തുത ക്വൊട്ടേഷൻ അംഗീകരിക്കാതെ ഇ-ഓക്ഷൻ നടത്തി സുതാര്യത ഉറപ്പാക്കുന്നതിന് മലപ്പുറം എക്സിക്യൂട്ടീവ് എൻജിനീയർക്ക് 21.05.2022 തിയതിയിൽ നിർദ്ദേശം നൽകി. നേരത്തെ അംഗീകരിച്ച 125 മരങ്ങൾ കൂടാതെ 8 മരങ്ങൾക്കുള്ള 74,932/- രൂപയുടെ സർവ്വേ റിപ്പോർട് 18.02.2022-ന് കെ.ആർ.എഫ്.ബി. അംഗീകരിച്ചിട്ടുണ്ട്. ആകെ 13,35,359/- രൂപയുടെ 133 മരങ്ങൾ 08/07/2022 ൽ ഇ-ലേലം നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എന്നത്തേക്ക് അവ മുറിച്ചു മാറ്റി പ്രവൃത്തി പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | ഇ-ലേലം മുഖാന്തിരം ലേലം കൊള്ളുന്ന വ്യക്തിയെകൊണ്ട് മരങ്ങൾ പൂർണ്ണമായും മുറിച്ചു മാറ്റിയ ശേഷം റോഡിന്റെ പ്രതല നവീകരണ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കഴിയും |

സെക്ഷൻ ഓഫീസർ